TB Movie Panel Review

മൂക്കുത്തി അമ്മൻ

2019 ൽ റിലീസ് ആയ "എൽ കെ ജി" ഒരു രാഷ്ട്രീയ ആക്ഷേപഹാസ്യ ചിത്രം ആയിരുന്നു... അല്പം അതിശയോക്തി കലർന്ന അവതരണം ആയിരുന്നു എങ്കിലും പറയാൻ ഉദ്ദേശിച്ച കാര്യങ്ങൾ കൃത്യമായി പ്രേക്ഷകരുമായി സംവദിക്കാൻ അതിന്റെ അണിയറ പ്രവത്തകർക്കു കഴിഞ്ഞിരുന്നു.. ആ ചിത്രത്തിന്റെ എഴുത്തുകാരായ ആർ ജെ ബാലാജിയും കൂട്ടുകാരും ആണ് "മൂക്കുത്തി അമ്മൻ" എന്ന, ആക്ഷേപഹാസ്യത്തിലൂന്നി കഥ പറയുന്ന ഈ ചിത്രത്തിന്റെയും സൃഷ്ടാക്കൾ.. സംവിധാനം നിർവഹിച്ചിരിക്കുന്നത് ആർ ജെ ബാലാജിയും എൻ ജെ ശരവണനും ചേർന്ന് ആണ്... പുതുമയില്ലാത്ത ഒരു വിഷയവുമായി എത്തിയ ചിത്രം പ്രേക്ഷകരെ രസിപ്പിക്കുന്നുണ്ടോ എന്ന് നോക്കാം ...

ഒരു ലോക്കൽ ചാനലിൽ ജോലി ചെയ്യുന്ന എൻഗെൽസ് രാമസാമി എന്ന ചെറുപ്പക്കാരന്റെ ജീവിതത്തിലൂടെ ആണ് ചിത്രം മുന്നോട്ടു പോകുന്നത്...പ്രമാദമായ ഒരു വാർത്ത സൃഷ്ടിച്ചു അതിലൂടെ ഒരുപാട് പ്രശസ്തി നേടി കൂടുതൽ നല്ല ചാനലിൽ ജോലി തരപ്പെടുത്തുവാൻ പരിശ്രമിക്കുന്ന ഒരു ചെറുപ്പക്കാരൻ ആണ് എൻഗേൽസ്... എൻഗേൾസിന്റെ അച്ഛൻ വർഷങ്ങൾക്കു മുൻപ് കുടുംബം ഉപേക്ഷിച്ചു പോവുകയും മൂന്നു സഹോദരി മാരും അമ്മയും മുത്തശ്ശനും അടങ്ങുന്ന കുടുംബത്തിന്റെ ചുമതല അങ്ങനെ എൻഗേൾസിന്റെ ചുമലിൽ ആവുകയും ചെയ്യുന്നു...അങ്ങനെ ഇരിക്കെ ഒരു ദിവസം അവരുടെ കുടുംബത്തിന്റെ കുലദൈവം ആയ മൂക്കുത്തി അമ്മൻ എൻഗേൾസിന്റെ മുൻപിൽ പ്രത്യക്ഷപ്പെടുകയും കാട് പിടിച്ചു കിടക്കുന്ന ആ ക്ഷേത്രത്തിലേക്ക് ഭക്തജന പ്രവാഹം ഉണ്ടാവാൻ വേണ്ട കാര്യങ്ങൾ ചെയ്യണം എന്ന് എൻഗേൾസിനോട് ആവശ്യപെടുകയും ചെയ്യുന്നു... തുടർന്നെന്തു സംഭവിക്കുന്നു എന്നുള്ളതാണ് ചിത്രം പറയുന്നത്..

മനുഷ്യ സൃഷ്ടികളായ ആൾ ദൈവങ്ങൾ ആളുകളെ വലിയ തോതിൽ ചൂഷണം ചെയ്യുന്നതിനെയും ഭക്തി എന്നത് ഒരു വ്യവസായം ആയി മാറിയതിനെയും ഭക്തിയുടെ പേരിൽ ആളുകൾ പറ്റിക്കപ്പെടുകയും ചെയ്യുന്നതിനെയും ഒക്കെ ആണ് ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളത്.. ഓ മൈ ഗോഡും പി കെയും പോലെയുള്ള ചിത്രങ്ങൾ മുന്നോട്ടു വച്ച അതെ ആശയങ്ങൾ തന്നെ ആണ് മൂക്കുത്തി അമ്മനും പറയുവാനുള്ളത്.. പക്ഷെ ഘടന ഇല്ലാത്ത തിരക്കഥയും തമാശയ്ക്കു വേണ്ടി മനഃപൂർവം തിരുകി കയറ്റിയ പൊള്ളയായ സംഭാഷണങ്ങളും പ്രേക്ഷകന്റെ ആസ്വാദനത്തെ ഒരു പരിധി വരെ ബാധിക്കുന്നുണ്ട്.. ഉർവശിയെ പോലെ അനുഭവസമ്പത്തുള്ള പ്രഗത്ഭ ആയ നടിയെ പോലും തെല്ലൊന്നു കഷ്ടപ്പെടുത്തുന്നുണ്ട് ധൃതി പിടിച്ചു എഴുതി എന്ന് തോന്നിപ്പിക്കുന്ന തിരക്കഥ..തമാശ രംഗങ്ങൾ പലപ്പോഴും പ്രേക്ഷകരെ ചിരിപ്പിക്കുമെങ്കിലും ചിലപ്പോഴെങ്കിലും അഭിനേതാക്കളുടെ അമിത ഭാവപ്രകടനങ്ങൾ കല്ലുകടി ആവുന്നുണ്ട്...

മൂക്കുത്തി അമ്മൻ ആയി എത്തുന്നത് നയൻ താര ആണ്.. ദേവിസങ്കല്പത്തിന് കാലങ്ങളായി കല്പിച്ചു കൊടുത്തിരിക്കുന്ന ചാരുത ഏറിയ ഒരു രൂപം ഉണ്ട്.. അത് ഒട്ടുംതന്നെ ചോർന്നു പോകാതെ പ്രേക്ഷകനെ അനുഭവിപ്പിക്കാൻ തന്റെ സൗന്ദര്യം കൊണ്ടും തിരശീലയിലെ അതിശയിപ്പിക്കുന്ന സാനിധ്യം കൊണ്ടും നയൻതാരയ്ക്ക് കഴിഞ്ഞിട്ടുണ്ട്..
പ്രകടനത്തിൽ എടുത്തു പറയേണ്ടത് ഉർവശിയുടെ അമ്മ കഥാപാത്രത്തെയാണ്.. ചില തമാശ രംഗങ്ങളിലെ പ്രകടനങ്ങൾ മലയാളി പ്രേക്ഷകർക്ക് അത്ര കണ്ട് രസിക്കില്ലെങ്കിലും തമിഴ് പ്രേക്ഷകർക്ക് അത്ര മുഷിപ്പുണ്ടാക്കില്ല.. അതിവൈകാരികമായ ഒരു രംഗത്തിൽ ഉർവശി എന്ന പ്രതിഭയുടെ ഗംഭീര പ്രകടനം പ്രേക്ഷകന്റെ കണ്ണ് നനയ്ക്കും..ഭക്തരുടെ ഭക്തി മുതലെടുത്തു അവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്ന വില്ലനായ ആൾദൈവം ആയി എത്തുന്നത് വിസാരണ എന്ന ചിത്രത്തിലൂടെ പ്രശസ്തനായ അജയ് ഘോഷ് ആണ്..

പതിഞ്ഞ താളത്തിൽ തുടങ്ങുന്ന ചിത്രം, മൂക്കുത്തി അമ്മന്റെ വരവോടെ ഒരു സ്പൂഫിന്റെ രൂപം കൈവരിക്കുന്നുണ്ടെങ്കിലും അവസാനത്തോട് അടുക്കുന്നതോടെ അത് നഷ്ടപെടുന്നുണ്ട്.. പുതുമയില്ലാത്ത വിഷയം പുതുമയില്ലാതെ തന്നെ അവതരിപ്പിച്ചുവെങ്കിലും ചിത്രത്തിന്റെ ഉദ്ദേശ ശുദ്ധിയും, ചിത്രം പ്രേക്ഷകനിൽ ഉണർത്തുന്ന ചിരിയും ചിന്തകളുമൊക്കെയായി ഒരു പ്രാവശ്യം കണ്ടിരിക്കാനുള്ള രസക്കൂട്ടുകൾ ബാലാജിയും കൂട്ടുകാരും ചിത്രത്തിൽ ഒരുക്കിയിട്ടുണ്ട്..

Written By
**Arjun Anand**